ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

4 [2041] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു :

,, എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ബി) ഇവ ഏതൊക്കെ വകുപ്പുകളുടെ കീഴിലാണ് എന്ന് അറിയിക്കാമോ ;

(സി) ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും ജീവനക്കാർക്കും പ്രോത്സാഹനം നൽകുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

[(എ) യും (ബി) യും] യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന '12' PSU ന് പുറമേ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്കു വന്ന വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. (†)

(സി) ഇക്കാര്യത്തിൽ പ്രത്യേക തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകളുടെ പ്രവർത്തനം

5 [2042] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾക്ക് കേന്ദ്ര-കേരള ഗവൺമെന്റുകൾ എന്തൊക്കെ സഹായങ്ങളും പ്രോൽസാഹന നടപടികളുമാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ ;

(ബി) കേരളത്തിൽ എത്ര ഭക്ഷ്യ സംസ്ക്കരണ പാർക്കുകളാണ് നിലവിലുള്ളത് ; ഇവ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ടോ ;

(സി) പാർക്കുകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ് ; ഇവ ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) റൈസ് മില്ല് ഉടമകൾ പുതിയ യൂണിറ്റ് ആരംഭിക്കുമ്പോൾ അർഹമായ കേന്ദ്ര സഹായം അനുവദിക്കാത്തത് എന്തുകൊണ്ടാണ് ;

(ഇ) എല്ലാ അപേക്ഷകർക്കും ഗ്രാന്റ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾക്കുള്ള കേന്ദ്ര സഹായവും, കേരള സർക്കാർ ആവിഷ്കരിച്ച ടെക്നോളജി ഡെവലപ്മെന്റ് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങളും എത്ര യൂണിറ്റുകൾക്ക് ഇതുവരെ ലഭിച്ചിട്ടുണ്ട് ;

(†) അനുബന്ധം II കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതിനായി ലഭിച്ച അപേക്ഷകൾ എത്രയാണ് ;

(എച്ച്) പ്രസ്തുത ആനുകൂല്യങ്ങൾ വ്യവസായ സംരംഭകർക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഐ) തുടർന്ന് ഗ്രാന്റും സാങ്കേതിക സഹായങ്ങളും അനുവദിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ പത്താം പഞ്ചവൽസര പദ്ധതി പ്രകാരം ഭക്ഷ്യ സംസ്ക്കരണ വ്യവസായ മേഖലയിൽ യൂണിറ്റുകൾ തുടങ്ങുന്നതിനോ, നവീകരിക്കുന്നതിനോ, വികസിപ്പിക്കുന്നതിനോ വേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം ഗ്രാന്റ് നൽകുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മെഷീനറിയുടെയും ഫാക്ടറി കെട്ടിടത്തിന്റെയും 25% വരെ ഗ്രാന്റായി കേന്ദ്ര സർക്കാർ നൽകുന്നു.

ഭക്ഷ്യ സംസ്ക്കരണ മേഖലയിലുള്ള വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഭക്ഷ്യസംസ്ക്കരണ പാർക്കുകൾ കിൻഫ്രയുടെ കീഴിൽ സ്ഥാപിച്ചുവരുന്നു. ഇത് കൂടാതെ കിൻഫ്രയുടെ കീഴിലുള്ള ചെറുകിട വ്യവസായ പാർക്കുകളിലും ഭക്ഷ്യസംസ്ക്കരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്

കേരളത്തിലെ ഭക്ഷ്യസംസ്ക്കരണ വ്യവസായത്തിന്റെ പുരോഗതിക്കും ടി മേഖലയ്ക്ക് ഊന്നൽ നൽകുന്നതിനും വേണ്ടി കിൻഫ്രയുടെ കീഴിൽ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ് ഇൻ കേരളാ (അഡ്ഫിക്ക്) എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ ഭക്ഷ്യ സംസ്ക്കരണ ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കുന്നതിന് എച്ച്.എ.സി.സി.പി. പോലുള്ള ഗുണനിലവാര സർട്ടിഫിക്കറ്റ് അനിവാര്യമാണ്. ഇത് മുന്നിൽ കണ്ടു കൊണ്ട് കെ-ബിപ്പിന്റെ കീഴിൽ എച്ച്.എ.സി.സി.പി. ഓഡിറ്റിംഗ് ആന്റ് സർട്ടിഫിക്കേഷൻ നടപ്പിലാക്കുവാനുള്ള നാഷണൽ സെന്റർ ഫോർ എച്ച്.എ.സി.സി.പി. സർട്ടിഫിക്കേഷൻ സ്ഥാപിച്ചിട്ടുണ്ട്.

ഭക്ഷ്യ സംസ്ക്കരണ വ്യവസായ വികസനത്തിനായി 15% മൂലധന സബ്സിഡി പരമാവധി 15 ലക്ഷം രൂപ വരെ എന്ന തോതിൽ നൽകി വരുന്നു. ഇടുക്കി, വയനാട് മറ്റ് പ്രത്യേകം നോട്ടിഫൈ ചെയ്ത ഏരിയ എന്നിവിടങ്ങളിൽ ആരംഭിക്കുന്ന ഇത്തരം യൂണിറ്റുകൾക്ക് പരമാവധി 25 ലക്ഷം രൂപ നൽകുന്നുണ്ട്.

ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പൊതുവായ ബുദ്ധിമുട്ടുകൾ ഒഴിവാക്കി അന്താരാഷ്ട്ര ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫുഡ് ക്ലസ്റ്ററുകൾ സ്ഥാപിച്ചു വരുന്നു.

(ബി) കേരളത്തിൽ 5 ഭക്ഷ്യ സംസ്ക്കരണ പാർക്കുകളാണുള്ളത്. ഇതിൽ രണ്ട് ഭക്ഷ്യസംസ്ക്കരണ പാർക്കുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റ് മൂന്ന് പാർക്കുകളും നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

GCPT. 2/2317/2013/TP.

LIBRARY ARCHIVES Kerala Legislative Assembly

(സി) കിൻഫ്രയുടെ കീഴിലുള്ള ഭക്ഷ്യ സംസ്ക്കരണ പാർക്കുകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വളരെ ലളിതമായ നിബന്ധനകളാണ് നിലവിലുള്ളത്. യൂണിറ്റുകൾ തുടങ്ങുന്ന സംരംഭകർക്ക് 90 വർഷത്തെ ദീർഘകാല പാട്ടത്തിനാണ് ഭൂമി നൽകുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി കിൻഫ്രയിൽ നിന്നും അപേക്ഷ വാങ്ങി രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം അവർ നടപ്പിലാക്കുന്ന പദ്ധതിയുടെ ഒരു റിപ്പോർട്ടും സമർപ്പിക്കണം. ഏറ്റെടുക്കുന്ന ഭൂമിക്ക് കിൻഫ്ര നിശ്ചയിച്ചിട്ടുള്ള ലീസ് പ്രീമിയം നൽകണം. ഇത് തവണ വ്യവസ്ഥകളിൽ നൽകിയാൽ മതിയാകും.

നിലവിലുള്ള നിബന്ധനകൾ ലളിതമായതിനാൽ ഇവ ലഘൂകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ ധനപരിമിതി മൂലം ധാന്യമില്ലുകൾക്കുള്ള ധനസഹായം താത്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ഇ) കേന്ദ്ര മന്ത്രാലയത്തിന്റെ എല്ലാ വ്യവസ്ഥകളും പാലിക്കുന്ന അപേക്ഷകർക്ക് മാത്രമെ സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ.

(എഫ് മുതൽ എച്ച് വരെ) കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിന്റെ ധനസഹായ പദ്ധതികൾ പ്രകാരവും കേരള സർക്കാർ ആവിഷ്ക്കരിച്ച ടെക്നോളജി ഡെവലപ്മെന്റ് സ്കീം പ്രകാരവും ലഭിച്ച് അപേക്ഷകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു ;

കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ

കേന്ദ്ര ഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിന്റെ കേരളത്തിലെ നോഡൽ ഏജൻസിയായ കിൻഫ്ര വഴി ഇതുവരെ 150-ൽപരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 91 അപേക്ഷകൾ കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

ഇതുവരെ നോഡൽ ഏജൻസി ശുപാർശ ചെയ്ത 20 അപേക്ഷകൾ കേന്ദ്രം അംഗീകരിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്.

ഇത് കൂടാതെ എം. പി. ഇ. ഡി. എ. വഴിയും മറ്റ് ഏജൻസി വഴിയും അയച്ച 30 അപേക്ഷകൾ കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടാല്ലാത്തതിനാലാണ് ചില അപേക്ഷകളിൽ കേന്ദ്രം അനുകൂല തീരുമാനം എടുക്കാത്തത്.

ടെക്നോളജി ഡെവലപ്മെന്റ് ഫണ്ട് പ്രകാരം ലഭിച്ച അപേക്ഷകൾ

കേരള സർക്കാർ ആവിഷ്ക്കരിച്ച ടെക്നോളജി ഡെവലപ്മെന്റ് ഫണ്ട് പ്രകാരം ബാങ്ക് ലോണിന്റെ 12% സബ്സിഡി-പരമാവധി 10,80,000 രൂപ എന്ന തോതിൽ നൽകുന്നുണ്ട്.

ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ നിന്നും നാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു യൂണിറ്റിന് സബ്സിഡി നൽകി കഴിഞ്ഞു. ഒരു യൂണിറ്റിന്റെ അപേക്ഷ സി.എഫ്.റ്റി.ആർ.ഐ.യുടെ വിദഗ്ദ്ധാഭിപ്രായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബാക്കി രണ്ട് അപേക്ഷകൾ നൽകിയ യൂണിറ്റുകൾ സംസ്ഥാന മൂലധന സബ്സിഡി കൈപ്പറ്റിയിട്ടുള്ളതിനാൽ ടി സബ്സിഡി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെ പുരോഗതിക്കും പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നിലവിലുള്ള ധനസഹായ പദ്ധതികളും സാങ്കേതിക സഹായങ്ങളും തുടർന്നും കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം

6 [2043] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ട നിർബന്ധ പരിശീലനം മൂന്ന് വർഷങ്ങളായി മുടങ്ങിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ട്രെയിനിംഗ് നൽകിയിട്ടില്ലാത്തവർക്ക് അത് നൽകുന്നതിന് സർക്കാർ അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസായ വകുപ്പിൽ പി.എസ്. സി. വഴിയും പ്രൊമോഷൻ വഴിയും വ്യവസായ വികസന ഓഫീസറന്മാരായി നിയമനം നൽകുന്നവർക്കാണ് സാധാരണ രീതിയിൽ 4½ മാസക്കാലം ദൈർഘ്യമുള്ള പരിശീലനം നൽകേണ്ടത് 2001 മുതൽ പി. എസ്. സി. വഴി വ്യവസായ വികസന ഓഫീസറന്മാരെ നിയമിക്കുന്നതിന് നിയമ നടപടികൾ മൂലം സാധിച്ചിട്ടില്ല. ആയതിനാൽ കഴിഞ്ഞ വർഷങ്ങളിൽ വ്യവസായ വികസന ഓഫീസറന്മാർക്ക് പരിശീലനം നൽകിയിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

ഫർണിച്ചർ വ്യവസായം സംരക്ഷിക്കുന്നതിന് നടപടി

7 [2044] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറെ വികസന സാദ്ധ്യതയുള്ള ഫർണിച്ചർ വ്യവസായം സംരക്ഷിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കയറ്റുമതി സാദ്ധ്യതയുള്ള ഒരു വ്യവസായം എന്ന നിലയിൽ ഫർണിച്ചർ നിർമ്മാണത്തിന് പുതിയ സാങ്കേതിക വിദ്യയും, വൈദഗ്ദ്ധ്യവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly